തിരുവനന്തപുരം നഗരസഭയിൽ നിർത്തിവച്ചിരിക്കുന്ന പൊളമരാമത്ത് പ്രവൃത്തികൾ

303 (1728) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം നഗരസഭയിലെ വിവിധ വാർഡുകളിൽ കോടതി സ്റ്റേ കാരണം നിർത്തിവച്ചിരിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്തിരിക്കുന്ന പൊളമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാർഡിന്റെ പേര്, പ്രവൃത്തിയുടെ പേര്, സ്റ്റേ കാലാവധിയുടെ തീയതികൾ, ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

നഗര ജലസ്രോതസ്സുകളുടെ മലിനീകരണം

304 (1729) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിലെ ജലാശയങ്ങളിലും, തോടുകളിലും, നദികളിലും മാംസാവശിഷ്ടം ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്ന കരാർ സംഘങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാലിന്യം വലിച്ചെറിയാനുള്ളതല്ലെന്ന അവബോധം നഗരവാസികളിൽ ഉണ്ടാക്കിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ഉറവിട മാലിന്യസംസ്കരണ സാഹചര്യമില്ലാത്ത നഗരവാസികളിൽ നിന്നു മാലിന്യം ശേഖരിക്കാനും, പരിസര മലിനീകരണമില്ലാതെ സംസ്കരിക്കാനും കൃത്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള നഗരസഭകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാലിന്യം നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ വാഹനം പിടിച്ചെടുത്ത് പോലീസിന് കൈമാറുകയും കേരള മുനിസിപ്പൽ ആക്ട് 340 A, 340 B എന്നീ വകുപ്പുകൾ പ്രകാരം പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മാലിന്യം വലിച്ചെറിയാനുള്ളതല്ലെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കി എടുക്കാൻവേണ്ടി സർക്കാർ ശുചിത്വ മിഷൻ മുഖേന നിരവധി ശില്പശാലകളും പരിശീലന പരിപാടികളും പ്രചരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പുസ്തകങ്ങളും ബ്രോഷറുകളും നോട്ടീസുകളും ബുക്ക്ലെറ്റുകളും പ്രസിദ്ധീകരിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ശുചിത്വ മിഷനുകൾവഴി അനേകം തെരുവുനാടകം, മാജിക് ഷോ എന്നിവ ഉൾപ്പെടുത്തി ബോധവൽകരണ പരിപാടികളും നടത്തിയിട്ടുണ്ട്.

(സി) ശേഖരിച്ചിട്ടില്ല.

നഗരങ്ങളിൽ ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകൾ

305 (1730) ശ്രീ. പാലോട് രവി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്ലാന്റുകളുടെ സവിശേഷതകൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പ്ലാന്റുകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly